**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300

## വിജ്ഞാപനം

## കീം 2024

## 2024 ലെ ബി.ഫാം കോഴ്സ് പ്രവേശനത്തിനായുള്ള റാങ്ക് പ്രസിദ്ധീകരിച്ചു.

2024 ലെ ബി.ഫാം കോഴ്സ് പ്രവേശനത്തിനുള്ള റാങ്ക്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ കീം 2024 കാൻഡിഡേറ്റ് പോർട്ടലിൽ ലഭ്യമാണ്.

പ്രവേശന പരീക്ഷയുടെ കെമസ്ട്രിക്ക് ലഭിച്ച സ്കോറിനെ 2.25 കൊണ്ട് ഗുണിച്ചശേഷം ഫിസിക്സിന് ലഭിച്ച സ്കോറിനോടൊപ്പം കൂട്ടുമ്പോൾ ലഭിക്കുന്ന തുകയെ 2/3 കൊണ്ട് ഗുണിച്ച് ബിഫാം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ഇൻഡ്ക്സ് മാർക്ക് കണക്കാക്കുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന ഇൻഡക്സ് മാർക്കിനെ പ്രോസ്പെക്ടസ് ക്ലോസ് 9.4.4(i) പ്രകാരമുള്ള നോർമലൈസേഷൻ പ്രക്രിയയ്ക്ക് വിധേയമാക്കും. പരമാവധി ഇൻഡക്സ് മാർക്ക് 300 ആയിരിക്കും.

അപേക്ഷയിലെ അപാകതകൾ മൂലവും, രേഖകളുടെ അഭാവത്തിലും ബി.ഫാം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും വിദ്യാർത്ഥികളുടെ ഫലം തടഞ്ഞു വച്ചിട്ടുണ്ട്. അപേക്ഷയിലെ അപാകതകളും ഫലം തടഞ്ഞുവയ്ക്കുന്നതിനുള്ള മറ്റ് കാരണങ്ങളും പരിഹരിക്കപ്പെടുന്ന മുറയ്ക്ക്

ഇവരുടെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന കാരണത്താൽ ഒരു വിദ്യാർത്ഥി പ്രവേശനത്തിന് അർഹനാകുന്നില്ല. പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് പ്രോസ്പെക്ടസ് പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ഓരോ വിദ്യാർത്ഥിയും തൃപ്തിപ്പെടുത്തേണ്ടതാണ്.

വിദ്യാർത്ഥികൾ പ്രവേശന സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകൾ നേടിയിരിക്കണം. ഇത് പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതാണ്. റാങ്ക് ലിസ്റ്റിനെ അടിസ്ഥാനമാക്കിയുള്ള കാറ്റഗറി/കമ്മ്യൂണിറ്റി ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K
Date: 20-07-2024 17:18:53

തിരുവനന്തപുരം
20-07-2024

**പ്രവേശന പരീക്ഷാ കമ്മീഷണർ**